**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 332** **28-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് പാട്ടഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് പാട്ടഭൂമി അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ പാട്ട വ്യവസ്ഥയിൽ വ്യവസായ ഭൂമി അനുവദിച്ചു വരുന്നത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപന ങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ മുതലായവയാണ്. ടി സ്ഥാപനങ്ങൾ 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത വ്യവസ്ഥകൾക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട കരട് നിർദ്ദേശം എന്താണെന്ന് അറിയിക്കാമോ; | (ബി) | ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. |
| (സി) | കരട് വ്യവസ്ഥ പ്രകാരമുള്ള നിർദ്ദേശങ്ങൾ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വികസനം പ്രോത്സഹിപ്പിക്കുന്നതിനും സംരംഭകരുടെ ഈ മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുമാണ് കരട് നയം ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഡി) | എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വികസനം പ്രോത്സഹിപ്പിക്കുന്നതിനും സംരംഭകരുടെ ഈ മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുമാണ് കരട് നയം ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ